ഫാക്ടറി രേഖകൾ നൽകാൻ മാനേജ്മെന്റ് വിസമ്മതിക്കുകയും വിവരങ്ങൾ നൽകിയ തൊഴിലാളികളെ മാനേജ്മെന്റ് അപായപ്പെടുത്തുവാനും ശ്രമിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ശ്രീ. എഴുകോൺ നാരായണൻ ബഹു: മെമ്പറും ശ്രീമതി കെ. ദേവകി എന്ന ബിലിംഗ് തൊഴിലാളിയും എനിക്ക് നൽകിയ പരാതി അന്വേഷണത്തിലും റിപ്പോർട്ടിനുമായി കൊല്ലം റീജിയണൽ ജോ: ലേബർ കമ്മീഷണർക്ക് അയച്ചു കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ദേവകി എന്ന തൊഴിലാളിക്ക് ജോലി നിഷേധിച്ചു എന്ന പരാതിയിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ തൊഴിൽ തർക്ക നിയമപ്രകാരം കൺസിലിയേഷൻ നടപടി സ്വീകരിച്ച് തർക്കം പരിഹരിക്കുന്നതിനായി ചർച്ച നടത്തിവരുന്നു.

17.2.2000-ൽ ഫാക്ടറി പരിശോധിച്ചപ്പോൾ തൊഴിൽ നിയമങ്ങൾ ലംഘിച്ചിരിക്കുന്നതായി കണ്ടെത്തിയതിനാൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ലേബർ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഐ.പി.സി. 284, 34 വകുപ്പുകൾ പ്രകാരം കൊട്ടാരക്കര പോലീസ് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ കേസ് ഫയൽ ചെയ്ത് നടപടികളും ആരംഭിച്ചിട്ടുണ്ട്. ഫാക്ടറി നിയമങ്ങൾ ലംഘിച്ചതിന് ബന്ധപ്പെട്ട ഫാക്ടറി ഇൻസ്പെക്ടർ സ്ഥാപന ഉടമയ്ക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

പ്രിയദർശിനി തേയിലത്തോട്ടത്തിലെ ക്രമക്കേടുകൾ

61 (3461)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ പ്രിയദർശിനി തേയിലത്തോട്ടത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഏതെങ്കിലും ഉദ്യോഗസ്ഥൻ ക്രമക്കേടു കാണിച്ചതായി തെളിഞ്ഞിട്ടുണ്ടോ; ക്രമക്കേടുകളുടെ സ്വഭാവം വിശദമാക്കുമോ;

(ഡി) ഉദ്യോഗസ്ഥൻമാർ ക്രമക്കേട് കാണിച്ചതായി തെളിഞ്ഞിട്ടുണ്ടെങ്കിൽ അവയെ പിരിച്ചുവിടാനും തോട്ടത്തിനുണ്ടായ നഷ്ടം ഇവരിൽനിന്ന് ഈടാക്കുന്നതിനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല

(ബി) - (ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly